

# ദേവകി വാര്യർ സ്മാരക സ്ത്രീ പഠനശാക്തീകരണകേന്ദ്രം


**രജിസ്റ്റർ നമ്പർ 2557/2002**

സി.ആർ.ആർ.എ. 37, ചാലക്കുഴിറോഡ്, പട്ടം പി.ഒ.

തിരുവനന്തപുരം- 695004, ഫോൺ : 0471-2441794

E-mail : aryapallom@gmail.com

Website: www.devakiwarrier.org


**01–04–19 മുതൽ 31–03–2020 വരെയുള്ള**

**പ്രവർത്തന റിപ്പോർട്ട് &**

**1–4– 19 മുതൽ 31–3–2020 വരെയുള്ള**

**വരവ് ചെലവ് കണക്ക്**

**25–12–2020 ൽ നടന്ന 20–ാമത്**

**വാർഷിക ജനറൽ ബോഡിയിൽ**

**അവതരിപ്പിച്ച കരട് റിപ്പോർട്ട്**

# ദേവകി വാര്യർ സ്മാരക സ്ത്രീ പഠനശാക്തീകരണകേന്ദ്രം

**രജിസ്റ്റർ നമ്പർ 2557/2002**

സി.ആർ.ആർ.എ. 37, ചാലക്കുഴിറോഡ്, പട്ടം പി.ഒ.

തിരുവനന്തപുരം- 695004, ഫോൺ : 0471-2441794

E-mail : aryapallom@gmail.com I Website: www.devakiwarrier.org

**01-04-19 മുതൽ 31-03-2020 വരെയുള്ള പ്രവർത്തന റിപ്പോർട്ട് & 1-4- 19 മുതൽ 31-3-2020 വരെയുള്ള വരവ് ചെലവ് കണക്ക് 25-12-2020 ൽ നടന്ന 20-ാമത് വാർഷിക ജനറൽ ബോഡിയിൽ അവതരിപ്പിച്ച കരട് റിപ്പോർട്ട്**

## അനുശോചനം

സംഘടനയുടെ ജോയിന്റ് സെക്രട്ടറിയും ദേവകിവാര്യരുടെ സഹോദരിയുമായ പി. എം. മെഹർ 25-06-2020ന് നമ്മെ വിട്ടുപിരിഞ്ഞു. മെഹറിന്റെ ഓർമ്മക്ക് മുൻപിൽ സ്നേഹാദരങ്ങളോടെ കൈകൂപ്പുന്നു. വളരെ ആത്മാർത്ഥതയോടെ തന്റെ കഴിവിനപ്പുറം ഈ സംഘടനക്ക് വേണ്ടി പ്രവർത്തിച്ചിരുന്ന വ്യക്തിയാണ് മെഹർ. വിനയം നിറഞ്ഞ പെരുമാറ്റം കൊണ്ട് എല്ലാവരുടെയും ഹൃദയം കവർന്ന മെഹറിന്റെ വേർപാട് ഈ സംഘടനക്ക് ഒരു തീരാനഷ്ടം തന്നെയാണ്.

നമ്മുടെ അംഗമായിരുന്ന ഡോ. സാവിത്രി (ഡോ. പി.കെ ആർ വാര്യരുടെ അനന്തരവൾ) ഈ കാലയളവിൽ ഇഹലോകവാസം വെടിഞ്ഞു. കൂടാതെ

പ്രണബ് മുഖർജി

എസ്. പി ബാലസുബ്രഹ്മണ്യം

ഡിഗോ മറഡോണ

അഹമ്മദ് പട്ടേൽ

കിങ് കി ഡുംഗ് (ചലച്ചിത്രകാരൻ, ഉത്തരകൊറിയ)

യു. എ. ഖാദർ

ആർ.ഹേലി
സുശാന്ത് സിംഗ് രജ്പുത്
ഋഷി കൂർ
ഇർഫാൻ ഖാൻ

തുടങ്ങിയവരും റിപ്പോർട്ട് കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞവരാണ്. ഇവരുടെയും കോവിഡ് മഹാമാരി മൂലം ഇഹലോകവാസം വെടിയേണ്ടിവന്ന 17 ലക്ഷം ജനങ്ങളുടേയും ഓർമ്മക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ദേവകി വാര്യർ

നമ്പൂതിരി സമൂദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ച പള്ളത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും ആര്യാപള്ളത്തിന്റെയും മൂത്തമകളായി പിറന്ന സഖാവ് ദേവവകിവാര്യർ തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ ഗാന്ധിജിയുടെ വാർധയിലെ ആശ്രമത്തിൽ അന്തേവാസിയായിട്ടാണ് പൊതുപ്രവർത്തനം ആരംഭിച്ചത്. യോഗക്ഷമസഭാ പ്രവർത്തനങ്ങളിലൂടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടയായ ശ്രീമതി ദേവകി നരിക്കാട്ടിരിയാണ് ബാലികയായ ദേവകിയെ വാർധയിലേക്ക് കൂട്ടിക്കൊണ്ടുപോയത്. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ഉത്തരേന്ത്യയിൽ പഠനം തുടർന്ന ദേവകി രാജ്യമാകെ സഞ്ചരിച്ച് സ്ത്രീകളെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ അണിനിരത്താനുള്ള ശ്രമങ്ങളിൽ മുഴുകി. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വനിതാ വിഭാഗത്തിന്റെ കരുത്തുറ്റ നേതാവായി പ്രവർത്തനം ആരംഭിക്കുമ്പോൾ കേവലം 16 വയസ്സായിരുനനു ദേവകിയുടെ പ്രായം. പിൽക്കാലത്ത് വൈദ്യ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിച്ച് മദിരാശിയിൽ എത്തി പഠനം തുടർന്നു. ഇക്കാലത്താണ് പുരോഗമനവിദ്യാർത്ഥി പ്രസ്ഥാനമായ സ്റ്റുഡന്റ്സ് ഫെഡറേഷനിൽ അംഗമായത്. ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തനത്തിലേക്കാണ് നയിച്ചത്. ഇക്കാലത്താണ് പിന്നീട് ജീവിത പങ്കാളിയായിത്തീർന്ന ഡോ. പി.കെ.ആർ. വാര്യരെ പരിചയപ്പെടുന്നത്.

1970 കളിൽ തിരുവനന്തപുരം നഗരസഭയിലെ ആദ്യ വനിതാ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മെഡിക്കൽ കോളേജ് വാർഡിനെപ്രതിനിധീകരിച്ച് 10 വർഷക്കാലം കൗൺസിലറായി സേവനം അനുഷ്ഠിച്ചു. പട്ടാമ്പിയിൽ നിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) സ്ഥാനാർത്ഥിയായി അംസബ്ലിയിലേക്ക് മത്സ രിച്ചു എങ്കിലും പരാജയപ്പെട്ടു. പുരോഗമനമഹിളാപ്രസ്ഥാനമായ ജനാധിപത്യ മഹിളാ അസോസിയേഷന്റെ സംസ്ഥാനവൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ദീർഘകാലം പ്രവർത്തിച്ചു. സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതി ക്കുവേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്നു.

തിരുവനന്തപുരത്ത് വിവിധമേഖലകളിൽ തൊഴിലെടുത്തിരുന്ന സ്ത്രീകളെ യോജിപ്പിച്ച് 1973 ൽ വർക്കിംഗ് വിമൻസ് അസോ സിയേഷൻ എന്ന സംഘടന രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കാൻ നേതൃത്വം നൽകിയത് ദേവകി വാര്യരാണ്. യു.എൻ. ആഹ്വാനപ്രകാരം അന്താരാഷ്ട്ര വനിതാവർഷം ആചരിച്ചത് 1975 ലാണെന്നും സി.ഐ.റ്റി.യു വിന്റെ ആഭിമുഖ്യത്തിൽ സ: ബി.ടി. രണദിവെ മുൻകൈയെടുത്ത് വർക്കിംഗ് വിമൻസ് കോ - ഓർഡി നേഷൻ കമ്മിറ്റിക്ക് രൂപം നൽകിയത് 1979 ലാണെന്നും സ്മരി ക്കുമ്പോഴാണ് അതിനൊക്കെ മുമ്പ് ഇത്തരം ഒരു നൂതന ആശയം പ്രാവർത്തികമാക്കിയത് എത്രമാത്രം ദീർഘദർശനത്തോടുകൂടിയ ഒരു പ്രവൃത്തിയായിരുന്നു എന്ന് നാം തിരിച്ചറിയുന്നത്. പ്രസ്തുത സംഘടനയുടെ പ്രസിഡന്റായും പേട്രനായും സഖാവ് ദേവകി വാര്യർ അവസാനശ്വാസം വരെ പ്രവർത്തിച്ചു.

ഗാന്ധിയൻ ജീവിതരീതി പിന്തുടർന്നുവന്ന സഖാവ് ദേവകി വാര്യർ ജീവിതാന്ത്യംവരെയും ലളിത ജീവിതമാണ് നയിച്ചത്. ആദർശങ്ങൾ ഒരിക്കലും അടിയറവെക്കാത്ത ആ ജീവിതം തീർച്ച യായും അനുകരണീയം തന്നെയാണ്. മക്കളുടെ വിവാഹ കാര്യ ത്തിലുൾപ്പെടെ ജാതി/മത പരിഗണന ഒരു വിഷയമേ ആക്കാത്ത ആര്യാപള്ളത്തിന്റെ ആദർശനിഷ്ഠ മക്കളും സ്വായത്തമാക്കിയിരു ന്നു. രണ്ടുമക്കളുടെയും വിവാഹങ്ങൾ ലളിതവും അനാർഭാ

ടവും ആചാരരഹിതവുമായിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടത് ഇന്നത്തെ സാഹചര്യങ്ങളിൽ വളരെ പ്രസക്തമാണെന്ന് തോന്നുന്നു. ഡോ. വാര്യരുടെ കറകളഞ്ഞ സേവനമനോഭാവവും ആദർശനിഷ്ഠയും ദേവകി വാര്യരുടെ ജീവിതത്തിന് കരുത്തേകി 25-12-2011 ൽ കാൻസർ രോഗബാധിതനായി ഇഹലോകവാസം വെടിഞ്ഞു.

അസുലഭ വ്യക്തിത്വത്തിന് ഉടമയായിരുന്ന സഖാവിന്റെ ഓർമ്മ കേരളത്തിലെ സ്ത്രീകൾക്ക് എന്നും ആവേശം പകരുന്നു. ആ നാമം അനശ്വ രമാക്കുന്നതിനുള്ള വർക്കിംഗ് വിമൻസ് അസോസിയേഷൻ പ്രവർത്തകരുടെ ആഗ്രഹമാണ് ദേവകി വാര്യർ മെമ്മോറിയൽ എന്ന സ്ഥാപനത്തിലൂടെ സാധിതമായത്. കേരളത്തിലെ പുരോഗമന ചിന്താഗതിക്കാരുടെയും സുമനസ്സുകളായ നാട്ടുകാരുടെയും ദേവകിവാര്യരുടെ കുടുംബാഗങ്ങളുടെയും നിർലോഭമായ സഹകരണം ലഭിക്കുന്നതുകൊണ്ട് ഈ സ്ഥാപനം വളരെ നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ചതുകൊണ്ട് അനുദിനം പുരോഗമിക്കുന്നു.

## ആമുഖം

## കോവിഡ് 19

ഇന്ത്യയിൽ ആദ്യമായി കോവിഡ് റിപ്പോർട്ട് ചെയ്ത സംസ്ഥാനമാണല്ലോ കേരളം. ചൈനയിൽ മെഡിക്കൽ വിദ്യാർത്ഥികളായിരുന്ന 5 പേർ അവിടെ കോവിഡ് പടർന്ന് പിടിച്ചതിനെ തുടർന്ന് കോളേജുകൾ അടച്ചപ്പോൾ നാട്ടിലേക്ക് മടങ്ങിയതാണ്. അവരാണ് ഇന്ത്യയിലെ ആദ്യത്തെ കോവിഡ് രോഗികൾ

ഇന്നിപ്പോൾ ഈ മഹാമാരി ലോകജനതയെയാകെ ദുരിതത്തിൽ ആഴ്ത്തിക്കൊണ്ട് അതിന്റെ താണ്ഡവം തുടർന്നുകൊണ്ടിരിക്കുകയാണ്. ലോകത്ത് കോവിഡ് ബാധിച്ചവരുടെ എണ്ണം 7 കോടി 50 ലക്ഷം കഴിഞ്ഞു. മരിച്ചവരുടെ എണ്ണം എണ്ണം 16,80,265 ആണ്. ഇന്ത്യയിൽ രോഗികൾ ഒരു കോടിയിലേറെയും മരണമടഞ്ഞവർ 1.45 ലക്ഷവുമാണ്. കേരളത്തിൽ 7 ലക്ഷം പേർക്ക് രോഗം ബാധിച്ചു. മരണമടഞ്ഞവർ മൂവായിരത്തിൽ

താഴെയാണ്.  04 ശതമാനം മാത്രമാണ് കേരളത്തിലെ മരണ നിരക്ക്.

അതിവേഗം പടർന്ന് പിടിക്കുന്ന ഈ മഹാമാരിയെ പേടിച്ച് ലോകരാജ്യങ്ങൾ ലോക്ഡൗണും  സംപൂർണ്ണ അടച്ചിടലും നട പ്പിൽ വരുത്താൻ നിർബന്ധിതരായി.  എല്ലാവിധ ഉല്പാ ദനപ്രവർത്തനങ്ങളും നിർത്തിവെക്കേണ്ടിവന്നു. കോടിക്കണക്കി നാളുകൾ തൊഴിൽ രഹിതരായി. ഇന്ത്യക്ക് പുറത്ത് ജോലി ചെയ്തിരുന്ന ഇന്ത്യക്കാർ ഇന്ത്യയിലേക്കും  ഇന്ത്യയിൽ തന്നെ അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്തിരുന്ന അതിഥി തൊഴി ലാളികൾ സ്വന്തം നാട്ടിലേക്കും മടങ്ങാൻ നിർബന്ധിതരായി. കേര ളത്തിൽ മാത്രമാണ്  അവർക്ക് താമസവും ഭക്ഷണവും തിരി ച്ചുള്ള തീവണ്ടിയാത്രയും കൃത്യമായി നല്കിയത്.  മറ്റു സംസ്ഥാ നങ്ങളിൽ നിന്ന് കാൽനടയായി പോയ തൊഴിലാളികളും കുടും ബാംഗങ്ങളും  വഴിയിൽ മരിച്ചുവീഴുന്ന കാഴ്ചയും നമുക്ക് കാണേ ണ്ടിവന്നു.  പലേ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങ ളിലും ഭക്ഷ്യക്ഷാമവും രോഗഭീതിയും മൂലം ജനജീവിതം ദുരി തമായി.  കേരളത്തിൽ മാത്രം  കമ്മ്യൂണിറ്റി കിച്ചൻ വഴിയും റേഷൻ കടവഴിയും  ഭക്ഷണവും  ഭക്ഷ്യധാന്യകിറ്റുകളും സൗജ ന്യമായി നല്കിയും  എല്ലാവിധ ക്ഷേമ പെൻഷനുകളും കൃത്യ മായി നല്കിയും  ജനങ്ങളെ പട്ടിണിയിൽ നിന്ന് രക്ഷിച്ചു.  ഈ കരുതൽ ഇന്നും തുടരുന്നു.കോവിഡ് രോഗികൾക്ക് സൗജന്യ ചികിത്സ, എത്ര ലക്ഷം രൂപ ചെലവായാലും, നൽകി നിരവധി പേരുടെ ജീവൻ രക്ഷിച്ചു.  ആരോഗ്യവകുപ്പും  ആഭ്യന്തരവ കുപ്പും  ധനവകുപ്പും ഭക്ഷ്യവകുപ്പും എണ്ണയിട്ട യന്ത്രംപോലെ ഒരേ മനസ്സോടെ  പ്രവർത്തിച്ചുകൊണ്ടാണ് ഇതെല്ലാം സാധിച്ച ത്.  ഇവയെല്ലാം യോജിപ്പിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിൽ മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും അസാമാന്യ മായ ഭരണ പാടവമാണ്  പ്രകടിപ്പിച്ചത്. മുഖ്യമന്ത്രിയുടെ  എല്ലാ ദിവസവും വൈകിട്ട്  6 മണിക്കുള്ള പത്രസമ്മേളനം കേൾക്കാൻ കേരള ജനത ഒറ്റക്കെട്ടായി കാത്തിരുന്നു. നാടിന്റെ പ്രശ്നങ്ങൾ - അവ പരിഹരിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ ഇവ

യെല്ലാം സത്യസന്ധമായി സുതാര്യമായി അദ്ദേഹം ജനങ്ങളോട് പങ്കുവെച്ചു. അതിൽ നിന്നും ആവേശം കൊണ്ടാണ് നിരവധി ചെറുപ്പക്കാർ കോവിഡ് രോഗികളെയും നിരീക്ഷണത്തിലുള്ളവരേയും ശുശ്രൂഷിക്കാൻ യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ ഇറങ്ങിപുറപ്പെട്ടത്. അത്തരം ബഹുജനപങ്കാളിത്തവും രാഷ്ട്രീയത്തിനതീതമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും കൊണ്ടുമാത്രമാണ് കേരളം കോവിഡ് -19 നെ പിടിച്ചു കെട്ടിയത്.

## പ്രവർത്തനറിപ്പോർട്ട്

19-മത് വാർഷിക പൊതുയോഗം 30-12-2019 ന് ചാലക്കുഴി റോഡിലുള്ള ആഫീസിൽ വച്ച് നടന്നു.

83 അംഗങ്ങൾ പൊതുയോഗത്തിൽ പങ്കെടുത്തു. കെ. സുഭദ്രാമ്മ അനുശോചനപ്രമേയം അവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി പി.എം. മെഹർ സ്വാഗതം ആശംസിച്ചു.

2018-2019 ലെ പ്രവർത്തനറിപ്പോർട്ട് സെക്രട്ടറി ടി. രാധാമണി അവതരിപ്പിച്ചു.

2018-19 ലെ ആഡിറ്റ് ചെയ്ത കണക്കുകൾ ട്രഷറർ എം. എൻ. ശാരദാമ്മ അവതരിപ്പിച്ചു.

തുടർന്ന് റിപ്പോർട്ടും കണക്കും അംഗങ്ങൾ വിശദമായ ചർച്ചക്ക് വിധേയമാക്കി. സി.എൻ. ഹേമലത, സതീശൻ, ലക്ഷ്മി പ്രഭാകരൻ, ടി ചന്ദ്രവതി അമ്മ, ഡോ. ലേഖ നരേന്ദ്രൻ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചത്.

ഭാവിപ്രവർത്തനത്തെപ്പറ്റി ക്രിയാത്മകമായ നിർദ്ദേശങ്ങൾ ആർ. പാർവതി ദേവിയും കെ. സുഭദ്രാമ്മയും അവതരിപ്പിച്ചു.

സെക്രട്ടറിയുടെയും ട്രഷറുടെയും മറുപടി പ്രസംഗത്തിനുശേഷം റിപ്പോർട്ടും കണക്കും ഏകകണ്ഠമായി അംഗീകരിച്ചു.

## തെരഞ്ഞെടുപ്പ്

പ്രസിഡന്റ് ജി.കെ ലളിതകുമാരി തൽസ്ഥാനത്ത് തുടരാൻ താല്പര്യമില്ല എന്നറിയിച്ചതിനെതുടർന്ന് വൈസ് പ്രസിഡന്റായിരുന്ന അനസൂയ പ്രസിഡന്റായി ചുമതലയേറ്റു. കമ്മിറ്റി അംഗമായി തുട

രാൻ താല്പര്യം പ്രകടിപ്പിക്കാത്ത പി.എൻ. സരസമ്മക്ക് പകരമായി മിനിപ്രകാശിനേയും മരിച്ചുപോയ കെ.കെ. സുശീലക്ക് പകരം സി.എൻ. ഹേമലതയേയും കമ്മറ്റിയിൽ ഉൾപ്പെടുത്തി. ബി.എസ് ജലജകുമാരിയെയും ഷീല ഡി കോസ്റ്റയേയും ഇന്റേണൽ ആഡിറ്റർമാരായി തെരഞ്ഞെടുത്തു.

ശ്രീമതി പി.കെ. ശ്രീമതി ടീച്ചറാണ് ഈ സംഘടനയുടെ പേട്രൺ. ഡോ. ജേക്കബ് ഈപ്പൻ, ശ്രീ. കൃഷ്ണവാര്യർ എന്നിവർ ഉപദേശക സമിതി അംഗങ്ങളായി തുടരുന്നു.

## പുതിയഭാരവാഹികൾ

| | | |
|---|---|---|
| അദ്ധ്യക്ഷ | - | അനസൂയ |
| ഉപാദ്ധ്യക്ഷ | - | ഡോ.ആർ.ബി. രാജലക്ഷ്മി |
| സെക്രട്ടറി | - | രാധാമണി |
| ജോ. സെക്രട്ടറി | - | പി.എം. മെഹർ |
| ട്രഷറർ | - | എം.എൻ. ശാരദാമ്മ |

## കമ്മിറ്റി അംഗങ്ങൾ

1. മൃദുൽ ഈപ്പൻ
2. ജി.കെ. ലളിതകുമാരി
3. ഷീല റൊസാരിയോ
4. മിനിപ്രകാശ്
5. സജിതാ ഇളമൺ
6. കെ.ആർ. ഭാനുമതി
7. പി.എൻ. നാരായണി
8. സി.എൻ ഹേമലത
9. ലക്ഷ്മി ഗിരിധരൻ
10. പി. അംബിക
11. വി.കെ.ശാന്തമ്മ
12 കെ. സുഭദ്ര അമ്മ
13. ആർ. പാർവതി ദേവി
14. വി. ശോഭന

ആജീവനാന്ത അംഗങ്ങളുടെ എണ്ണം 143 ആണ്. റിപ്പോർട്ട് കാലയളവിൽ 11 പ്രാവശ്യം എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം

ചേർന്നു.

## ദേവകി വാര്യർ സ്മാരക സാഹിത്യ പുരസ്കാരം 2019

2019 ലെ ദേവകി വാര്യർ സ്മാരക സാഹിത്യ പുരസ്കാരത്തിന് കേരള നവോത്ഥാനവും സ്ത്രീ മുന്നേറ്റവും എന്ന വിഷയത്തിലുള്ള ലേഖനങ്ങളാണ് ക്ഷണിച്ചത്. പ്രായഭേദമന്യേ സ്ത്രീകൾക്ക് മാത്രമാണ് മത്സരത്തിൽ പങ്കെടുക്കാൻ കഴിയുക. 25 ലേഖനങ്ങൾ ലഭിച്ചു. ഡോ.പി. സോമൻ,ഡോ. ലേഖാ നരേന്ദ്രൻ, പ്രൊഫ. എ.ജി. ഒലീനഎന്നിവരടങ്ങുന്ന സമിതിയാണ് സമ്മാനാർഹമായ ലേഖനങ്ങൾ തെരഞ്ഞെടുത്തത്. ഡോ. സംഗീത ചേനംപുല്ലി (ആർട്സ് കോളേജ്, കോഴിക്കോട്) 10000 രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്ന പുരസ്കാരത്തിനും, പി. രമാദേവി കോഴിക്കോട്, ഇന്ദുലേഖ പത്തനംതിട്ട എന്നിവർ 5000 രൂപ വീതമുള്ള പ്രോത്സാഹനസമ്മാനത്തിനും അർഹരായി. 2019 ജൂൺ 12ന് സത്യൻസ്മാരക ഹാളിൽ വെച്ചു നടന്ന ജന്മദിനാഘോഷത്തിനോടനുബന്ധിച്ച് പുരസ്കാരങ്ങൾ വിതരണം ചെയ്തു. ശ്രീ മുകേഷ് എം.എൽ.എ യോഗം ഉദ്ഘാടനം ചെയ്യുകയും പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. സ്വന്തം അമ്മയുടെ നാടക ജീവിതത്തെ പരാമർശിച്ചുകൊണ്ടാണ് മുകേഷ് സംസാരിച്ചത്. സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം നടത്തിയ പ്രസംഗം വളരെ വിജ്ഞാനപ്രദവും രസകരവും ആയിരുന്നു.

പുരോഗമനകലാ സാഹിത്യസംഘം പ്രസിഡന്റായും ചലിച്ചിത്ര വികസനകോർപ്പറേഷൻ ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ട ഷാജി എൻ. കരുണിന് (ദേവകി വാര്യരുടെ മരുമകൻ) സംഘടനയുടെ സ്നേഹാദരങ്ങൾ സമർപ്പിച്ചു. അദ്ദേത്തിന്റെ മറുപടി പ്രസംഗം ഹൃദ്യമായിരുന്നു. ആശംസകൾ അർപ്പിച്ചുകൊണ്ട് ശ്രീമതി സൂസൻ കോടി (ജനാധിപത്യമഹിളാ അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ്, കേരള സംസ്ഥാനസാമൂഹ്യക്ഷേമ ബോർഡ് ചെയർപേഴ്സൺ) സമൂഹം പൊതുവേയും സ്ത്രീ സമൂഹം പ്രത്യേകമായും നേരിടുന്ന പ്രശ്നങ്ങളേപറ്റിയും

നവോത്ഥാന മൂല്യങ്ങലെപ്പറ്റിയും  വളരെ നല്ല ഒരു പ്രസംഗം കാഴ്ച വെച്ചു.

വിവിധ കലാപരിപാടികളെക്കൊണ്ട് സംപുഷ്ടമായ ജന്മദിനാഘോഷമാണ് നടന്നത്. കമ്മിറ്റി അംഗം പി.എൻ. നാരായണിയുടെ പേരക്കുട്ടി വൈഗ സുനിൽ കവിത അവതരിപ്പിച്ചു. ശ്രദ്ധയിൽ ചികിത്സക്കായി താമസിക്കുന്ന അതുൽ കൃഷ്ണയും ഹെലീനയും പാട്ടുകൾ പാടി.

വനിതാസാഹിതിയുടെ ആഭിമുഖ്യത്തിൽ തിരുവാതിര ഉണ്ടായിരുന്നു. തിരുവാതിരപ്പാട്ട് വളരെ പുരോഗമനപരമായ ആശയങ്ങൾ പങ്കുവെക്കുന്നതായിരുന്നു. തിരുവാതിരയുടെ വേഷഭൂഷാദികളും നിലവിളക്കും ഒഴിവാക്കി ചുരിദാറിട്ടുകൊണ്ട് നടത്തിയ തിരുവാതിര വേറിട്ട കാഴ്ചയായി.

ആസാദി എന്ന നാടകം അരങ്ങേറി, ഫാസിസത്തിനെതിരെ ബോധവൽക്കരണം പ്രധാനവിഷയമായ നാടകം സ്ത്രീകളുടെ പ്രത്യേക പ്രശ്നങ്ങളെയും സമർത്ഥമായി കൈകാര്യം ചെയ്യുന്ന പരിപാടിയായിരുന്നു.

സ്ഥാപനത്തിലെ അന്തേവാസികളായ 30 രോഗികൾക്ക് 1000 രൂപ വീതം ധനസഹായം നല്കി. വനിതാസാഹിതിയുടെ കലാകാരികൾക്കും പാട്ടുപാടിയ കുട്ടികൾക്കും ദേവകിയേടത്തിയുടെ പടവും ദേവകി വാര്യർ സ്മാരകം എന്ന ആലേഖനവുമുള്ള ട്രോഫികൾ വിതരണം ചെയ്തു. ഹോസ്റ്റലിലെ ജീവനക്കാരിയായ കുമാരിയുടെ മകൾ അക്ഷയയ്ക്ക് ലളിതാംബിക ടീച്ചറുടെ വകയായി 2500 രൂപ പഠനസഹായം നല്കി . ഇടക്ക് ഒരു മഴ പെയ്തുവെങ്കിലും നിറഞ്ഞ സദസ്സിൽ നിന്ന് ആരും തന്നെ നേരത്തെ പോയില്ല എന്നത് ഏറെ ആഹ്ലാദകരമായിരുന്നു.

## ഓണാഘോഷം

സെപ്തംബർ 3 ന് എല്ലാ അന്തേവാസികൾക്കും ഓണക്കോടിയും ഓണസദ്യയും നല്കി. സിഎസ്.ഐ ആർ ലെ ശ്രീമതി ലക്ഷ്മി സ്തനാർബുദത്തെക്കുറിച്ച് ക്ലാസ്സെടുത്തുകൊണ്ട് ഓണാഘോഷം ഉത്ഘാടനം ചെയ്തു. ശ്രദ്ധയിലെ അയിഷ

യുടെ ബന്ധുവായ അജയ് 10000 രൂപയും ഡോ. ആർ.ബി. രാജലക്ഷ്മി 10000 രൂപയും ലക്ഷ്മി പ്രഭാകരൻ 25000 രൂപയും ഓണാഘോഷത്തിനായി സംഭാവനയായി നല്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വളരെ ലളിതമായാണ് ഓണാഘോഷം നടത്തിയത്.

മെഡിക്കൽകോളേജ് ജനമൈത്രി പോലീസ്, ഉള്ളൂരുള്ള തണൽ എന്ന സംഘടന, ശ്രീചിത്ര മെഡിക്കൽ സെന്ററിലെ ജീവനക്കാരുടെ സംഘടനയായ സ്റ്റാഫ് യൂണിയൻ എന്നിവർ നമ്മുടെ സ്ഥാപനത്തിലെ അന്തേവാസികൾക്ക് ഓണസദ്യയും ഓണക്കോടിയും നൽകുകയുണ്ടായി.

## വെബ്സൈറ്റ്

ദേവകി വാര്യർ മെമ്മോറിയലിന്റെ വെബ്സൈറ്റ് എല്ലാ വർഷവും തുക അടച്ച് പുതുക്കുന്നുണ്ട്. നടന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ സെക്രട്ടറി എഴുതി കൊടുക്കുന്നതനുസരിച്ച് ജയലക്ഷ്മി വെബ്സൈറ്റിൽ ചേർക്കുന്നുണ്ട്.

## ഉച്ചഭക്ഷണ വിതരണം

റിപ്പോർട്ട് കാലയളവിൽ ഒരു ബുധനാഴ്ച പോലും മുടങ്ങാതെ മെഡിക്കൽ കോളേജിനുമുൻപിൽ വെച്ച് പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഉച്ചഭക്ഷണ വിതരണം നടത്തി. കമ്മിറ്റി അംഗങ്ങളായ വ.കെ.ശാന്തമ്മ, ലക്ഷ്മി ഗിരിധരൻ, അംഗങ്ങളായ സതീശൻ, അയിഷാ രാജൻ, മുതലായവർ ചുമതലയെടുത്ത് പതിവായി ഈ പരിപാടി വിജയിപ്പിച്ചു. മറ്റു പല കമ്മിറ്റി അംഗങ്ങളും സഹകരിക്കുന്നുണ്ട്.

## ശ്രദ്ധ

ചാലക്കുഴി റോഡിലുള്ള കെട്ടിടത്തിലാണ് ശ്രദ്ധ പ്രവർത്തിച്ചുവരുന്നത്. ഏതാണ്ട് 40 പേർക്കാണ് അവിടെ താമസവും ഭക്ഷണവും സൗജന്യമായി നൽകിവരുന്നത്. ഓരോ ദിവസവും സുമനസ്സുകൾ നല്കുന്ന തുക കൊണ്ടാണ് അവിടെ ചെലവുകൾ നടക്കുന്നത്. വിവാഹം, വിവാഹ വാർഷികം പിറന്നാൾ,

ശ്രാദ്ധം മുതലായ അവസരങ്ങളിൽ അവിടെ സദ്യ നടത്തുന്നവരാണ് അധികവും. അല്ലാതെ പൈസ തരുന്നവരും ഉണ്ട്. അരി, പച്ചക്കറി, തേങ്ങ, വിറക്, പഴം മുതലായി എന്തും സാധനങ്ങളായി തരുന്ന സംഭാവനയും നമ്മൾ സ്വീകരിക്കാറുണ്ട്. എൽ. ഐ.സി. ജീവനക്കാരുടെ സംഘടനപോലെ എല്ലാവർഷവും അംഗങ്ങളിൽ നിന്ന് പിരിവെടുത്ത് സംഭാവന തരുന്നവരും ഉണ്ട്. ഐഷാ രാജനും ഇന്ദിരാമ്മയും ഇവിടെ മുഴുവൻ സമയവും രോഗികൾക്ക് വേണ്ട സേവനങ്ങൾ നല്കിക്കൊണ്ട് അവരോടൊപ്പം താമസിക്കുന്നു. റിപ്പോർട്ട് കാലയളവിൽ 766 ആർ.സി. സി. യിലെ രോഗികൾക്കും 1420 കൂട്ടിരുപ്പുകാർക്കും 36 ശ്രീചിത്രയിലെ രോഗികൾക്കും 46 കൂട്ടിരുപ്പുകാർക്കും അവിടത്തെ സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. മെഡിക്കൽ കോളേജ് കാൻസർ വാർഡിൽ ചികിത്സ ചെയ്തിരുന്ന 4 രോഗികളും അവരുടെ 4 കൂട്ടിരുപ്പുകാരും ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

## ട്രിഡ വിശ്രമസങ്കേതം

2008 മുതൽ ട്രിഡയുടെ ഉടമസ്ഥതയിലുള്ള വിശ്രമ സങ്കേതം എന്ന കെട്ടിടം വാടകക്ക് എടുത്ത് 70 പേർക്ക് താമസവും ഭക്ഷണവും നല്കിവരുന്നു. ട്രിഡക്ക് നല്കാനുള്ള പ്രതിമാസ വാടകയിനത്തിൽ 30000 രൂപ സാന്ത്വനം കുവൈറ്റ് എന്ന സംഘടന നല്കിവരുന്നു. ജി.എസ്.ടിയും പ്രളയസെസ്സും ഉൾപ്പെടെ 35700/- രൂപയാണ് ട്രിഡാക്ക് അടക്കുന്നത്. റിപ്പോർട്ട് കാലയളവിൽ 1020 ആർ.സി.സി രോഗികൾക്കു അവരുടെ കൂട്ടിരിപ്പുകാരായ 2211 പേർക്കും 307 ശ്രീചിത്ര രോഗികൾക്കും കൂട്ടിരിപ്പുകാരായ 803 പേർക്കും താമസസൗകര്യവും നല്കി. ലീല, അർച്ചന, രാധ, പ്രഭാകരൻ, ബിൻഷാദ്, വിനോദ് എന്നിവർ ട്രിഡായിലെ കാര്യങ്ങൾ നോക്കി നടത്തി രോഗികളെ സഹായിക്കുന്നു.

## ആംബുലൻസ്

എസ്.ബി.റ്റി ഡൊണേഷൻ ആയി നല്കിയ ആംബുലൻസ് രോഗികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ ഉപയോഗിച്ചു

വരുന്നു.

## പത്മിനി വർക്കിയുടെ ചരമദിനം

2015 ഡിസംബർ 12 നാണ് ദേവകിവാര്യർ സ്മാരകത്തിന്റ ജോയിന്റ് സെക്രട്ടറിയും കേരള വർക്കിംഗ് വിമൻസ് അസോസിയേഷന്റെ പ്രസിഡന്റുമായിരുന്ന പത്മിനി വർക്കി നമ്മോട് വിട പറഞ്ഞത് ഈ രണ്ടു സംഘടനകളുടെയും പ്രവർത്തനത്തിന് ആത്മാർത്ഥതകൊണ്ടും, നിസ്വാർത്ഥതകൊണ്ടും സ്നേഹദീപമായി പ്രകാശി ച്ചിരുന്ന വ്യക്തിയായിരുന്നു പത്മിനി വർക്കി. തൊട്ടടുത്ത വർഷം മുതൽ തന്നെ പത്മിനിവർക്കിയുടെ ചരമദിനത്തിൽ നമ്മൾ ഒത്തുകൂടുന്നുണ്ട്. ആദിവസം സാമൂഹ്യ സേവനരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച ഒരു വനിതക്ക് പത്മിനി വർക്കിയുടെ പേരിലുള്ള പുരസ്കാരവും നല്കി വരുന്നു. 2016 ൽ ആശ്രയയുടെ പ്രസിഡന്റായ ശാന്താ ജോസിനും 2017 ൽ അംഹയുടെ (എ.എം.എച്ച്എ) യുടെ സെക്രട്ടറിയായ പ്രൊഫ. പി. ഭാനുമതിക്കും 2018 ൽ ഉമാ പ്രേമനുമാണ് പുരസ്കാരം നല്കിയത്. 25000 രൂപയും ഫലകവും അടങ്ങുന്നതാണ് അവാർഡ്. 2019 ൽ അവാർഡിന് അർഹയായത് സൊലേസ് എന്ന സംഘടനയുടെ സെക്രട്ടറിയായ ഷീബ അമീറാണ് പത്മിനിവർക്കിയുടെ മക്കളുടെ സുഹൃത്തുക്കളായ ഒരു കൂട്ടം ചെറുപ്പക്കാരാണ് അവാർഡ് തുകയായ 25000 രൂപ സംഭാവനയായി തരുന്നത്.

ഈ വർഷം പത്മിനിവർക്കിഅനുസ്മരണ യോഗം നടന്നത് സത്യൻസ്മാരക ഹാളിലാണ്. കൃത്യം 3 മണിക്ക് തന്നെ ഹാൾ നിറഞ്ഞു. യോഗം ഉദ്ഘാടനം ചെയ്യാമെന്നേറ്റ വി.കെ. പ്രശാന്ത്, എം.എൽ.എ യും പുരസ്കാര വിതരണം നടത്താനുള്ള ശ്രീമതി ടീച്ചറും പുരസ്ക്കാര ജേതാവായ ഷീബ അമീറും കൃത്യസമയത്തു തന്നെ എത്തി. ഒട്ടും താമസിയാതെ യോഗം ആരംഭിക്കുകയും ചെയ്തു. തിരുവനന്തപുരം കോർപ്പറേഷൻ മേയറായിരുന്ന സ. വി.കെ പ്രശാന്ത് വട്ടിയൂർക്കാവ് എം.എൽ.എ യായി തെരഞ്ഞെടുക്കപ്പെട്ടതിൽ അനുമോദനം നല്കിക്കൊണ്ട് അദ്ദേഹത്തിന് ശ്രീമതി ടീച്ചർ ഉപഹാരം നല്കി. സഖാവ് വി.കെ

പ്രശാന്ത്  യോഗം ഉദ്ഘാടനം ചെയ്തു.  ശ്രീമതി ടീച്ചർ സൊലേസിന്റെ സെക്രട്ടറിയായ ഷീബ അമീറിന് പുരസ്കാര വിതരണം ചെയ്തു. ഇന്ത്യൻ പാലിയേറ്റീവ് പ്രസ്ഥാനത്തിന്റെ പിതാവായ പത്മശ്രീ ഡോ. എം.ആർ രാജഗോപാൽ ആശംസ പ്രസംഗം നടത്തി.  ആർ. പാർവതി ദേവി പ്രശസ്തി പത്രം വായിച്ചു. സ്വന്തം മകൾ കാൻസർ വന്നു മരിച്ചതിന്റെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ടാണ് ഷീബ അമീർ സംസാരിച്ചത്.  കേട്ടുകൊണ്ടിരുന്നവരുടെ കണ്ണു നിറയുന്ന പ്രഭാഷണം.  ആ സങ്കടത്തിൽ നിന്ന് അവർ മോചിതയായത് സൊലേസിൽ പ്രവർത്തനം നടത്തിക്കൊണ്ടാണ്.

ശാസ്ത്ര സാഹിത്യ പരിഷത്ത്  മുൻ പ്രസിഡന്റ് ആർ രാധാകൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തി. പത്മിനിചേച്ചിയുടെ പ്രവർത്തനങ്ങളെ പറ്റി വിശദമായി സംസാരിച്ച അദ്ദേഹം "കേരളത്തിലെ മാറി വരുന്ന കുടുംബ ബന്ധങ്ങൾ" എന്ന വിഷയത്തിൽ ആഴത്തിൽ അറിവുപകരുന്ന ഒരു ക്ലാസ്സും എടുത്തു.

ജനാധിപത്യ മഹിളാ അസോസിയേഷൻ തിരുവനന്തപുരം, ജില്ലാ സെക്രട്ടറി വി. അമ്പിളി ആശംസകൾ അർപ്പിച്ചു. പത്മിനിചേച്ചിയുടെ കുടുംബാംഗങ്ങളും  സുഹൃത്തുക്കളും അടങ്ങുന്ന സദസ്സ് സ്നേഹത്തിന്റെയും ഒരുമയുടേയും സൗരഭ്യം പരത്തുന്നതായിരുന്നു.

സ്വന്തം അമ്മയായ  കെ.എൽ തങ്കമ്മയുടെ പേരിൽ ചികിത്സാ സഹായം നൽകാനായി ടി രാധാമണി നല്കിയ  2 ലക്ഷം രൂപയുടെയും ശ്രീ. സി. എസ് വി വാര്യരുടെ പേരിൽ ചികിത്സ സഹായം നൽകാനായി ഭാര്യ അംബികാദേവി നൽകിയ ഒരു ലക്ഷം രൂപയുടെയും പലിശയായി ലഭിച്ച 26500  രൂപ 1000 രൂപ വീതം ദേവകി വാര്യരുടെ സ്മാരകത്തിൽ താമസിച്ചു ചികിത്സിക്കുന്ന രോഗികൾക്ക് നല്കി.  തുടർന്ന് എല്ലാവർഷവും സ്റ്റേറ്റ് കോപ്പറേറ്റീവ്  ബാങ്കിലെ  അക്കൗണ്ടിൽ വരുന്ന പലിശ തുക ഇതുപോലെ രോഗികൾക്കായി  വിതരണം ചെയ്യാൻ കഴിയും.

ഇതേ പരിപാടിയിൽ വച്ച് ടി. രാധാമണി കേരള വർക്കിംഗ്

വിമൻസ് അസോസിയേഷന് നല്കിയ 1 ലക്ഷം രൂപയുടെ പലിശയിനത്തിൽ ലഭിച്ച 10000 രൂപ സ്വാധാർ ഗ്രഹിലെ 4 വിദ്യാർത്ഥികൾക്കായി പഠനസഹായം എന്ന നിലയിൽ 2500 രൂപ വീതം നല്കി.

നിറഞ്ഞു കവിഞ്ഞ സദസ്സിൽ സ്നേഹം നിറഞ്ഞ അന്തരീക്ഷത്തിൽ നടന്ന യോഗം 7 മണിക്ക് അവസാനിച്ചു.

## ദേവകി വാര്യരുടെ ചരമദിനം

ഡിസംബർ 25 ന് ശ്രദ്ധയിൽ വച്ച് ദേവകി വാര്യരുടെ 18-ാം ചരമദിനം സമുചിതമായി ആചരിച്ചു. എൽ.ഐ.സി. എംപ്ലോയീസ് യൂണിയന്റെ മുൻകാല നേതാവായിരുന്ന എസ്.എസ്. പോറ്റിയാണ് അനുസ്മരണപ്രഭാഷണം നടത്തിയത്. ദീർഘകാലം ഡോ. പി. കെ. ആർ വാര്യരോടും ദേവകി വാര്യരോടും ഒപ്പം തിരുവനന്തപുരത്തെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തി എന്ന നിലയിൽ അദ്ദേഹം പങ്കുവെച്ച ഓർമ്മകൾ വളരെ വിലപ്പെട്ട അറിവുകളാണ് സമ്മാനിച്ചത്. ദേവകി വാര്യരുടെ കുടുംബാംഗങ്ങൾ കൂടി പങ്കെടുത്ത യോഗത്തിൽ എം.എൻ. ശാരദാമ്മ അദ്ധ്യക്ഷയായി സജിതാ ഇളമൺ സ്വാഗതവും കെ.ആർ. ഭാനുമതി നന്ദിയും പറഞ്ഞു.

## സ്നേഹ സാന്ത്വനം - വൃദ്ധസദനം

2016 ൽ ആരംഭിച്ച സ്നേഹ സാന്ത്വനം എന്ന വൃദ്ധസദനത്തിൽ 5 അന്തേവാസികളാണ് ഉള്ളത്. ലൈബ്രറി കൗൺസിലിന്റെ പകൽവീട് എന്ന പ്രോജക്ട് നിർത്തലാക്കിയതിൽ പിന്നെ അവിടത്തേക്ക് ചെലവിനുള്ള വരുമാനം അവിടെ നിന്നുതന്നെ ലഭിക്കുന്നുണ്ട്.

## കൗൺസിലിംഗ്

ശ്രീമതി മിനിപ്രകാശ് രോഗികൾക്ക് മാനസിക സമ്മർദ്ദം കുറക്കാൻ കൗൺസിലിംഗ് നല്കിവരുന്നു.

## ആദായനികുതി വകുപ്പ്

ആദായ നികുതി വകുപ്പ് നിയമങ്ങളിൽ കേന്ദ്ര സർക്കാർ

കാതലായ മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. എൻ.ജി.ഒ കൾക്കുള്ള 80 ജി ഇളവ് എല്ലാവരുടെയും കാൻസൽ ചെയ്തു. ഇനി പുതുതായി അപേക്ഷിക്കണം 3 വർഷത്തെ കണക്കും വാർഷിക റിപ്പോർട്ടും ( 19-20 ലെ വാർഷിക റിപ്പോർട്ടും കൂടി വെച്ചുവേണം) മറ്റ് എല്ലാ രേഖകളും സഹിതം വേണം അപേക്ഷ കൊടുക്കാൻ.

## ഉപസംഹാരം

നേരത്തെ സൂചിപ്പിച്ചതുപോലെ ഈ പ്രവർത്തനങ്ങളെല്ലാം നമ്മൾ നടത്തുന്നത് ഉദാര മനസ്കർ തരുന്ന സംഭാവനകൊണ്ടാണ്. റിപ്പോർട്ട് കാലയളവിൽ പത്തൊൻപത് ലക്ഷത്തി ആയിരത്തി എഴുപത് രൂപയാണ്. സംഭാവനയായി ലഭിച്ചത്. അതിൽ 3 ലക്ഷത്തി അറുപതിനായിരം സാന്ത്വനം കുവൈറ്റ് ട്രിഡായ്ക്ക വാടകയടക്കാൻ തരുന്നതാണ്. അടുത്ത വർഷത്തേക്കും അത് തുടരാമെന്ന് സാന്ത്വനത്തിന്റെ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ 70,000 രൂപയുടെ കുറവാണ് ഈ വർഷം സംഭാവനയിൽ ഉണ്ടായിട്ടുള്ളത്. കൂടുതൽ സംഭാവനലഭിക്കാനുള്ള പരിശ്രമം എല്ലാ അംഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാവണം എന്ന് അഭ്യർത്ഥിക്കുന്നു.

എല്ലാ അംഗങ്ങൾക്കും സംഭാവന തന്നവർക്കും എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് ജനറൽ ബോഡിയിൽ അവതരിപ്പിക്കുന്നു. വേണ്ട നിർദ്ദേശങ്ങൾ തന്ന് പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

***സെക്രട്ടറി***

## KIRAN & ASSOCIATES

Chartered Accountants

## AUDOITORS REPORT

UDIN: 19223505AAAABO9196

Report on the audit of the Financial Statements

### Opinion

We have audited theaccompanying financial statements of THE DEVAKI WARRIER MEMORIAL WOMENS STUDIES AND EMPOWERMENT CENTER Trivandrum, which comprise the Balance Sheet as at March 31, 2020, the Statement of income & Expenditure account and other explanatory information (NIL).

In our opinion, and to the best of our information and according to the explanations given to us, the aforesaid financial statements give a true and fair view in conformity with the accounting principles generally accepted in India, of the state of affairs of THE DEVAKI WARRIER MEMORIAL WOMENS STUDIES AND EMPOWERMENT CENTERas at March 31,2020 its financial result, for the year ended on that date.

### Basis for Opinion

We conducted our audit of the financial statements in accordance with the Standards on Auditing (SAs) issued by ICAI. Our responsibilities under those Standards are further described in the Auditor's Responisibilites for the Audit of the Financial Statements section of our report. We are independent of the institution in accordance with the

Code of Ethics issued by the Institute of Chartered Accountants of India and we have fulfilled our other ethical responisibilities in accordance with these requirements and the Code of Ethics. We believe that the audit evidence we have obtained is sufficient and appropriate to provide a basis for our opinion on the financial statements.

Responsibilities of Management and Those Charged with Governance for the Fiancial Statements

Management of the THE DEVAKI WARRIER MEMORIAL WOMENS STUDIES AND EMPOWERMENT CENTER is responsible for the preparation of these financial statements that give a true and fair view of the state of affairs, results of operations of the institution in accordance with the accounting principles generally accepted in India. This responsibility includes the design, implementation and maintenance of internal control relevant to the preparation and presentation of the financial statements that give a true and fair view and are free from material misstatement, whether due to fraud or error.

In preparing the financial statement is responsiblte for assessing the Institution's ability to continue as a going concern, basis of accounting unless management either intends to liquidate the institution or to crease operations, or has no realistic alternative but od o so.

The managemrn is responsible for overseeing the Institution's financial reporting process.

**Auditors responisbilites for the Audit of the Financial Statements.**

Our objectives are to obtain reasonable assurance about whether the financial statements as a whole are free from material misstatement, whether due to fraud or error, and to issue an auditor's report that includes our opinion. Reasonable assurance is a high level of assurance, but is not a guarantee that an audit conducted in accordance with SAs will aslways detect a material misstatement when it exists. Missatements can arise from fraud or error and are considered material if, individudally or in the aggregate, they could reasonably be expected to influence the economic decisions of users taken on the basis of these financial statements.

As part of an audit in accordance with SAs, we exercise professional judgement and maintain professional skepticism throughout the audit. We also:

Identify and assess the risks of material misstatement of the financial statements, whether due to fraud or error, design and perform audit procedures responsive to those risks, and obtain audit evidence that is sufficient and appropriate to provide a basis for our opinion. The risk of not detecting a material misstatement resulting from fraud is higher than for on resulting from error, as fraud may involve collusion, forgery, international omissions, misrepresentations, or the override of internal control.

Obtain an understating of internal control relevant to the audit in order to design audit proceedures that are appropriate in the circumstances, but not for the purpose of expressing anopinion on the effectiveness of the institution's internal control.

Evaluate the appropriateness of accounting policies used and the reasonableness of accounting estimates and related disclosures made by management.

Conclude on the appropriateness of management's use of the going concern basis of accounting and based on the audit evidence obtained, whether a material uncertainly existrelated to events or conditions that may cast significant doubt on the Institution's ability to continue as a going concern. If we conclude that a material uncertainty exists, we are required to draw attention in our auditor's report to the related disclosures in the financial statements or, if such disclosures are inadequate, to modify our opinion. Our conclusionas are based on the audit eveidence obtained up to the date of our auditor's report. However, future events or conditions may cause the Institution to cease to continue as a going concern.

We communicate with those charged with governance regarding among other matters, the planned scope and timing of the audit and significant audit findings, including any significant deficienceies in internal control that we identify during our audit as NIL to this report.

For **KIRAN & ASSOCIATES**
CHARTERED ACCOUNTANTS
FRN :012911S
Sd/-
**Kiran B. FCA,** MNo. 223505
UDIN: 20223505AAAABT9979

Trivandrum
05-12-2020

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002

CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## RECEIPTS AND PAYMENTS FOR THE PERIOD FROM 01-04-2019 TO 31-03-2020

| RECEIPTS | | AMOUNT | PAYMENTS | | AMOUNT |
|---|---|---|---|---|---|
| | | | **Current Liabilities** | | |
| **Opening Balance** | | | Advance from Isha Raj | | |
| Bank Accounts | | | (Accountant | | 22,000.00 |
| | | | **Current Assets** | | |
| Kerala State Cooperative bank | 2,17,513.00 | | Fixed deposit | | 1,00,000.00 |
| SBI A/C | 46,333.17 | | **Indirect Expenses** | 7,794.00 | |
| Cash in hand | 14,483.25 | 2,74,968.42 | Cable Charges | | |
| | | | Audit Fees | 53,550.00 | |
| **Indirect Incomes** | | | Bank Charges | 335.50 | |
| | | | Birthday Celebration | | |
| Bank interest | 20.362.00 | | Devaki Warrier | 1,48,200.00 | |
| Income Tax Refund | 1,600.00 | | Cleaning Charges | 4,130.00 | |
| | | | Coolie | 8,950.00 | |
| TDS Refund | 1938.00 | 21,53,164.00 | Donation Given | 43,500.00 | |
| Donation | 19,01,070.00 | | Electricity Charges | 49,485.00 | |
| | | | Imprest to Sneha Santhwanam | 42,000.00 | |
| | | | Mess Expense | 2,52,933.00 | |
| | | | Misellaneous Expense | 3,865.00 | |

| RECEIPTS | AMOUNT | PAYMENTS | | AMOUNT |
|---|---|---|---|---|
| | | Noon meals | 1,29,250.00 | |
| | | Onam Celebration | 25,720.00 | |
| | | Postage Telegram | 1,995.00 | |
| | | Printing and Stationery | 36,229.00 | |
| | | Rent Trida | 4,27,200.00 | |
| | | Repairs & Maintenance | 185,689.00 | |
| | | Salaries & Allowances | 2,64,770.00 | |
| | | Travelling Allowances | 13,200.00 | |
| | | Travelling Expenses | 10,390.00 | |
| | | Telephone Charges | 3,897.00 | |
| | | Water charges | 45,224.00 | |
| | | Website Developmet Charges | 6,000.00 | |
| | | TDS Paid | 1,512.00 | 16,62,839.00 |
| | | **Closing Balance** | | |
| | | Bank Accounts | | |
| | | Kerala State Cooperative Bank | 27,505.00 | |
| | | SBI A/C 9425 | 4,18,092.67 | |
| | | Cash in hand | 22,862.75 | 4,68,460.42 |
| | **22,53,299.42** | | | **22,53,299.42** |

Auditor's Report : As per our report of even date attached

For **KIRAN & ASSOCIATES**
CHARTERED ACCOUNTANTS
FRN :012911S
Sd/-
**Kiran B. FCA,** MNo. 223505

Plaec: Thiruvananthapuram
Date: 20-09-2020

*(Seal)*

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002

CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## INCOME AND EXPENDITURE ACCOUNTS FOR THE YEAR ENDED 31-03-2020

| EXPENDITURE | AMOUNT | INCOME | AMOUNT |
|---|---|---|---|
| Cable Charges | 7,794.00 | Bank Interest | 20,362.00 |
| Audit Fees | 53,550.00 | Donation | 19,01,070.00 |
| Bank Charges | 355.50 | Income Tax Refund | 1,600.00 |
| Birthday Celebrations - Devaki Warrier | 1,48,200.00 | TDS Refund | 1,938.00 |
| Cleaning Charges | 4,130.00 | | |
| Coolie | 5,950.00 | | |
| Depreciation | 25,100.189 | | |
| Donation Given | 43,500.00 | | |
| Electricity Charges | 49,485.00 | | |
| Imprest to Sneha Santhwanam | 42,000.00 | | |
| Mess Expense | 2,52,933.50 | | |
| Misellaneous Expense | 3,865.00 | | |
| Noon meals | 1,29,250.00 | | |
| Onam Celebration | 25,720.00 | | |
| Postage Telegram | 1995.00 | | |

| EXPENDITURE | AMOUNT | INCOME | AMOUNT |
|---|---|---|---|
| Printing and Stationery | 36,229.00 | | |
| Rent Trida | 4,27,200.00 | | |
| Repairs & Maintenance | 85,689.00 | | |
| Salaries & Allowances | 2,64,770.00 | | |
| Travelling Allowances | 13,200.00 | | |
| Travelling Expenses | 10,390.00 | | |
| Telephone Charges | 3,897.00 | | |
| TDS Paid | 1,512.00 | | |
| Water charges | 45,224.00 | | |
| Website Developmet Charges | 6,000.00 | | |
| Excess of Income Over Expenditure | 2,37,030.11 | | |
| **Total** | **19,24,970.00** | | **19,24,970.00** |

Auditor's Report : As per our report of even date attached

For **KIRAN & ASSOCIATES**
CHARTERED ACCOUNTANTS
FRN :012911S
Sd/-
**Kiran B. FCA,** MNo. 223505

Plaec: Thiruvananthapuram
Date: 22-09-2020

*(Seal)*

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

REG. NO. T 2557/2002, CHALAKKUZHI ROAD, PATTOM P.O., TRIVANDRUM

## BALANCE SHEET AS ON 31-03-2020

| LIABILITIES | | AMOUNT | ASSETS | | AMOUNT |
|---|---|---|---|---|---|
| | | | Fixed Assets as per Schedule | | 1,98,872.20 |
| General Fund | | | | | |
| as per last BS | 11,33,675.48 | | Current Assets | | |
| Less: Excess of Expenditure | 2,37,030.11 | 13,70,705.09 | Advance to Library | 23,647.00 | |
| Advance from Trida | | | Building Advance to Trida | 3,01,824.00 | |
| Visrama Sanketham | | 50,000.00 | Interest Receivable | 5,715.97 | |
| | | | Fixed Deposit | 4,19,000.00 | |
| | | | TDS for the AY-2019-20 | 2,907.00 | |
| | | | KSEB Deposit | 279.00 | |
| | | | Cash in hand | 22,862.75 | 7,7623.572 |
| | | | Kerala State Co operative Bank | 27,505.00 | |
| | | | SBI A/C 9425 | 4,18,092.67 | 4,45,597.67 |
| **Total** | | **14,20,705.59** | **Total** | | **14,20,705.59** |

Auditor's Report : As per our report of even date attached

For **KIRAN & ASSOCIATES**
CHARTERED ACCOUNTANTS
FRN :012911S
Sd/-
**Kiran B. FCA,** MNo. 223505
UDIN: 20223505AAAABT9979

Plaec: Thiruvananthapuram
Date: 20-09-2020

*(Seal)*

# DEVAKI WARRIER MEMORIAL WOMEN'S STUDIES AND EMPOWERMENT CENTER

**REG. NO. T 2557/2002**

CHALAKKUZHI ROAD, PATTOM P P.O., TRIVANDRUM

## FIXED ASSET SCHEDULE

| FIXED ASSETS | RATE | OPENING W.D.VON 01-04-2018 | ADDITIONS | | TOTAL | DEPRICIATION | CLOSING W.D.VON 31-03-2019 |
|---|---|---|---|---|---|---|---|
| | | | More than 180 Days | Less than 180 Days | | | |
| Furniture | 10.00% | 55,766.96 | - | - | 55,766.96 | 5,576.70 | 50,190.26 |
| Mixi, Fan & Radio | 15.00% | 3,413.26 | - | - | 3,413.26 | 511.99 | 2,901.27 |
| Books | 15.00% | 4,768.68 | - | - | 4,768.68 | 715.30 | 4,053.38 |
| Cooker | 15.00% | 809.42 | - | - | 809.42 | 121.41 | 688.00 |
| Electrical Fittings | 10.00% | 5,292.62 | - | - | 5,292.62 | 529.26 | 4,763.36 |
| Biogas Plant | 15.00% | 28,172.44 | - | - | 28,172.44 | 4,225.87 | 23,946.57 |
| Miscellaneous Assets | 10.00% | 1,01,862.35 | - | - | 1,01,862.35 | 10,186.24 | 91,676.12 |
| Water Tank | 10.00% | 6,979.52 | - | - | 6,979.52 | 697.95 | 6,281.57 |
| Gas Stove | 15.00% | 1,959.42 | - | - | 1,959.42 | 293.91 | 1,665.51 |
| Vessels | 15.00% | 2,567.11 | - | - | 2,567.11 | 385.07 | 2,182.04 |
| Refrigerator | 15.00% | 11,361.31 | - | - | 11,361.31 | 1,704.20 | 9,657.12 |
| Weighing Machine | 15.00% | 1,020.00 | - | - | 1,020.00 | 153.00 | 867.00 |
| **Total** | | **2,23,973.09** | **00** | **-** | **2,23,973.09** | **25,100.89** | **1,98,872.20** |

Maria Print Magic # 0471-2323290